സ്വന്തമായി അത് നടപ്പിലാക്കാൻ കഴിയുമോ എന്ന്. നമുക്ക് ആലോചിക്കാൻ കഴിയൂ, ഫണ്ട് ഉപയോഗിച്ചുവേണമോ ചെയ്യേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(2) പ്രവർത്തനരഹിതമായി കിടക്കുന്ന ആലപ്പുഴ തുറമുഖം

ശ്രീമതി റോസമ്മ പുന്നൂസ്: സർ, കഴിഞ്ഞ ഒന്നൊന്നരവർഷക്കാലമായിട്ട് ആലപ്പുഴ തുറമുഖം നിശ്ചലമായിട്ട് കിടക്കുകയാണ്. അവിടെ കയറ്റിറക്ക് പ്രവൃത്തിയിലേർപ്പെട്ടിരുന്ന ധാരാളം ചുമട്ടു തൊഴിലാളികളും ഏതാണ്ട് അറുന്നൂറിലധികം തൊഴിലാളികളും അവിടെ തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ട് പണിയെടുത്തവർ ഇന്ന് പട്ടിണിയിലും നിത്യദാരിദ്ര്യത്തിലും കഴിയുകയാണ്. ഇതൊരു പുതിയ സംഭവവികാസമാണെന്ന് ഞാൻ പറയുന്നില്ല. 1977 മുതൽ 1987 വരെ ആ തുറമുഖം നിശ്ചലമായിരുന്നു. അന്ന് അവിടത്തെ തൊഴിലാളികളും വല്ലിയൊരു ഭാഗം പട്ടിണികൊണ്ടും സുഖക്കേടുകൊണ്ടും പിടിപെട്ടും മരിക്കുന്നതിനിടയായി. ആ കാലഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അങ്ങനെ അന്നീ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഏതാണ്ട് 36 ലക്ഷം രൂപ ചെലവാക്കി അവിടെ ആ തുറമുഖത്തിന്റെ അറ്റകുറ്റപണികളും നടത്തുകയും ക്രെയിനിന്റെയും മറ്റും അറ്റകുറ്റപ്പണികളൊക്കെ ചെയ്തത് ആ തുറമുഖം പ്രവർത്തനക്ഷമമാക്കുകയും അവിടെ അരിയും ഗോതമ്പും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികളും കേന്ദ്രഗവൺമെന്റുമായിട്ട് കേന്ദ്രത്തിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്തി അരിയും ഗോതമ്പും അവിടെ ഇറക്കുമതി ചെയ്യുന്നതിനിടയാക്കിയതുകൊണ്ട് അന്ന് അവിടത്തെ തൊഴിലാളികൾക്ക് വളരെ ആശ്വാസമുണ്ടായിരുന്നു. 1988-89 കാലഘട്ടത്തിൽ നാലു കപ്പലുകൾ വീതം അവിടെ വന്നിരുന്നതുകാരണം അക്കാലത്ത് അവിടെ തൊഴിലാളികൾക്ക് തൊഴിൽ കിട്ടിയിരുന്നു. അങ്ങനെ അവർക്ക് തൊഴിൽ കിട്ടിയതുമൂലം അവരുടെ പട്ടിണി മാറുകയും അങ്ങനെ അവർക്ക് അൽപ്പം ആശ്വാസം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവിടെ അവർക്ക് തുടർന്നും തൊഴിൽ കിട്ടുമെന്നുള്ള അവരുടെ പ്രതീക്ഷ ഇപ്പോൾ കുറേ നാളുകളായിട്ട് അസ്തമിച്ചിരിക്കുകയാണ്. അരിയുടെ ഇറക്കുമതി അവിടെ നിർത്തിയതാണ് അതിന് പ്രധാന കാരണം. ഇന്ന് അവിടത്തെ തൊഴിലാളികൾ വളരെയധികം ക്ഷ്ടപ്പെടുകയാണ്, അവർക്ക് തൊഴിലില്ല. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് ഇവിടെ കഴിഞ്ഞ 1988-89 കാലഘട്ടത്തിൽ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടി മാത്രം 36 ലക്ഷം രൂപ ചെലവാക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറായത് തീകച്ചും സ്വാഗതാർഹമാണ്, എന്നാണ്, പക്ഷേ അത് അവിടെ അവർക്ക് തുടർന്ന് കിട്ടുന്നതിന് അവിടെ ആവശ്യത്തിനുള്ള കയറ്റിറക്കുമതി വ്യാപാരം നടക്കേണ്ടതുണ്ട്. എന്നാൽ അതിപ്പോൾ അവിടെ നടക്കുന്നില്ല. അതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ രണ്ടു നിർദ്ദേശങ്ങളാണ് ഗവൺമെന്റിന്റെ മുൻപാകെ വയ്ക്കാനുള്ളത്. ഇന്ന് കൊച്ചിയിൽ പൊട്ടാഷ് ഇറക്കുമതി ചെയ്യുന്നുണ്ട്. അതുപോലെതന്നെ കൊല്ലത്ത് കശുവണ്ടി വ്യാപാരത്തിലേക്ക് ആവശ്യമുള്ള തോട്ടണ്ടി തൂത്തുക്കുടിയിലാണ് ഇറക്കുമതി ചെയ്യുന്നത്. തൂത്തുക്കുടിയിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി ആലപ്പുഴയിൽ ഇറക്കുകയാണെങ്കിൽ തീർച്ചയായും അതുകൊണ്ട് ലാഭകരമായിട്ട് കൊല്ലത്തെ കശുവണ്ടി വ്യാപാരം നടത്താനും ആ വ്യവസായികളെ രക്ഷിക്കാനും കഴിയും. അതുപോലെതന്നെ ഇന്ത്യൻ പൊട്ടാഷ് കമ്പനിക്കാരോട് ആ വശ്യപ്പെട്ടതനുസരിച്ച് അവർ ആലപ്പുഴയിൽ വന്ന് അവിടെ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് ഫീസിബിളിറ്റി സർവേ നടത്തുകയും അവിടെ ഇറക്കുമതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്താൽ തെക്കൻ കേരളത്തിലെ പൊട്ടാഷിന്റെ ആവശ്യം നിറവേറ്റാൻ കഴിയുമെന്ന് അവർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നുമാണ് അറിയുന്നത്. കൊച്ചിയിൽ ഇപ്പോഴും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന ഇന്ത്യൻ പൊട്ടാഷും തൂത്തുക്കുടിയിൽ ഇപ്പോഴും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന തോട്ടണ്ടിയും ആലപ്പുഴ തുറമുഖത്തിൽ ഇറക്കുമതി ചെയ്ത് അവിടത്തെ തൊഴിലാളികളുടെ പട്ടിണി മാറ്റുന്നതിനും അവർക്ക് ജോലി ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങളും അവർക്കുണ്ടാക്കി കൊടുക്കുന്നതിനും നടപടികളും സ്വീകരിക്കണം. അതിനുള്ള നടപടി കേന്ദ്ര ഗവൺമെന്റുമായിട്ട് ആലോചിച്ച് അത് സാധിച്ചുകിട്ടുന്നതിനായി കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തി അതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, കേരളത്തിലെ നീണ്ടകര, ബേപ്പൂർ, ആലപ്പുഴ തുറമുഖങ്ങളും ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ പ്രധാനപ്പെട്ടവയാണ്. അതിൽ ആലപ്പുഴ തുറമുഖം 1982 ഡിസംബറിനുശേഷം 1988 വരെ പ്രവർത്തനക്ഷമമായിരുന്നില്ല. എന്തെന്നാൽ ആവശ്യമായ ചരക്ക് ലഭ്യമായിരുന്നില്ല, തുറമുഖ പ്രവർത്തനത്തിനാവശ്യമായ സജ്ജീകരണങ്ങളുമുണ്ടായിരുന്നില്ല. എന്നാൽ 1988-ൽ ഭക്ഷ്യധാന്യ ഇറക്കുമതിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ പ്രത്യേകമായ സമ്മർദ്ദത്തിനു വിധേയമാകേണ്ടി വന്നതുകൊണ്ട് മൂന്ന് കപ്പലുകളും ഭക്ഷ്യധാന്യവുമായി വരാനുള്ള സൗകര്യമുണ്ടായി. മേജർ തുറമുഖങ്ങളിൽ ചരക്ക് കൊണ്ടു വന്നിരുന്ന കപ്പലുകളും ഇടത്തരം തുറമുഖങ്ങളിൽ കൊണ്ടുവരികയാണെങ്കിൽ കൂടുതൽ കയറ്റിറക്കിനാവശ്യമായ സജ്ജീകരണങ്ങളൊക്കെ ചെയ്തു കൊടുക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് ഡൽഹിയിൽപ്പോയി ബന്ധപ്പെട്ട വകുപ്പുമന്ത്രിയെയും അതുപോലതന്നെ ഉദ്യോഗസ്ഥൻമാരെയും കണ്ട് ചർച്ചകളും നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിൽ 1988-89-ൽ മൂന്ന് കപ്പലുകളും വരുകയും 63,105 മെട്രിക്ടൺ ഭക്ഷ്യ ധാന്യങ്ങളും ഇറക്കുമതി ചെയ്യുകയും ചെയ്തു. അവസാനം 1989-ൽ 1,36,025 ടൺ ഭക്ഷ്യ ധാന്യങ്ങളും ആലപ്പുഴയിൽ ഇറക്കുമതി ചെയ്തിരുന്നു. പിന്നീട് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ അരിയും ഗോതമ്പും ഇറക്കുമതി ചെയ്യുന്ന ഇതേ രീതിയിലുള്ള പ്രവർത്തനമുണ്ടായില്ല. അതുകൊണ്ട് ആലപ്പുഴ തുറമുഖത്തിനാവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ ഇറക്കുമതി ചെയ്യാനുള്ള സൗകര്യമുണ്ടായില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ ചൂണ്ടികാണിച്ചതുപോലെ ഇന്ത്യൻ പൊട്ടാഷും. കശുവണ്ടിയും മറ്റുൽപ്പന്നങ്ങളും അവിടെ ഇറക്കുമതി ചെയ്യുമ്പോൾ ആലപ്പുഴ തുറമുഖം ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെട്ട കമ്പനികളുമായി, കോർപ്പറേഷനുകളുമായി ചർച്ച ചെയ്തു. 1990 ഏപ്രിൽ മാസം ആറാം തീയതി ഡൽഹിയിൽ ഇത് സംബന്ധിച്ച് ഇന്ത്യൻ പൊട്ടാഷ് കമ്പനി ഒരു ചർച്ചായോഗം വിളിച്ചുകൂട്ടിയിരുന്നു. നമ്മുടെ പ്രതിനിധികളും അതിൽ പങ്കെടുത്തിരുന്നു. ആലപ്പുഴയും ബേപ്പൂരും ഇന്ത്യൻ പൊട്ടാഷ് ഇറക്കുമതി ചെയ്യുകയാണെങ്കിൽ അതിനാവശ്യമായ സജ്ജീകരണങ്ങളും ഒരുക്കിക്കൊടുക്കാൻ ഗവൺമെന്റിനു കഴിയും. കുറച്ചുകൂടെ ലാഭകരമായി തന്നെ, അധികം സമയമെടുക്കാതെ തന്നെ മേജർ തുറമുഖങ്ങളെ അപേക്ഷിച്ച് ചരക്ക് കൂടുതലുള്ളതുകൊണ്ട് ഈ തുറമുഖങ്ങളും കയറ്റിറക്കുമതിക്ക് സൗകര്യപ്രദമാണെന്നുള്ള വിവരം പറഞ്ഞു. ചെയർമാൻ ഇത് അംഗീകരിച്ചു. സംസ്ഥാന ഗവൺമെന്റിനോട് ഗവൺമെന്റിന്റെ സഹായ സഹകരണങ്ങളുണ്ടാകണമെന്ന അഭ്യർത്ഥന അവർ വയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ അവർക്ക് കേന്ദ്ര കൃഷിവകുപ്പിന്റെ അനുവാദം വേണ്ടിയിരുന്നു. ഇതുവരെയും കേന്ദ്ര കൃഷിവകുപ്പ് അനുവാദം കൊടുത്തിട്ടില്ലെന്നാണ് അറിയുന്നത്. വീണ്ടും വീണ്ടും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടും ഗവൺമെന്റുമായി ബന്ധപ്പെട്ടും കത്തുകളിലൂടെയും ഇതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും ഈ സമയം വരെ അനുവാദം ലഭിച്ചിട്ടില്ല. ഇത്തരം അനുവാദം ലഭിക്കുമെങ്കിൽ തീർച്ചയായും ആലപ്പുഴ തുറമുഖം പ്രവർത്തനക്ഷമമാകും. ഒരു ചെറിയ പ്രശ്നമുള്ളത് മേയ് 15-ാം തീയതി മുതൽ സെപ്റ്റമ്പർ മാസം വരെ ഓഫ് കാലമാണ്. അവിടെ കയറിറക്കുമതിയ്ക്ക് കാലാവസ്ഥകൊണ്ട് സാധിക്കുകയില്ല. മേയ് 15-നുള്ളിൽ പെട്ടന്ന് അനുവാദം കിട്ടുമെങ്കിൽ ആവശ്യമായ സജ്ജീകരണങ്ങൾ അവിടെയുണ്ട്. അതേസമയം കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കശുവണ്ടി കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ കൊണ്ടുവരുന്ന സാധനങ്ങൾ കൊണ്ട് നമ്മുടെ ഈ തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കുകയാണ്. അത്തരത്തിൽ സൗകര്യം കിട്ടിയാൽ ആലപ്പുഴ തുറമുഖം പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു.

സർ, തൊഴിലാളികൾക്ക് ജോലിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. കഴിഞ്ഞ 1988-89 കൊല്ലക്കാലം ആലപ്പുഴ തുറമുഖത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സൗകര്യം ലഭിക്കാനുള്ള കാലമായിരുന്നു. പക്ഷെ ഒന്നരക്കൊല്ലം അതിന്റെ കുറവുണ്ടായിട്ടുണ്ട്. അത് പരിഹരിക്കാനുള്ള മാർഗ്ഗമെന്താണെന്ന് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീമതി റോസമ്മ പുന്നൂസ്: ഇന്ത്യൻ പൊട്ടാഷ് കമ്പനി ഇറക്കുമതി ചെയ്യാൻ സമ്മതിച്ചിട്ടും കൃഷിവകുപ്പിന്റെ അനുവാദം കിട്ടാത്തതു കൊണ്ടാണ് നടത്താൻ കഴിയാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അടുത്ത സീസണിലെങ്കിലും ഇറക്കുമതി തുടങ്ങത്തക്കവണ്ണം കേന്ദ്ര കൃഷി വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: 1980-81-ൽ ഇത് സംബന്ധിച്ച് പരമാവധി ശ്രമിച്ചതാണ്. അവസാനം തരികയില്ലന്ന് പറഞ്ഞ്മാറുന്നു. കൺടെയ്നർ സിസ്റ്റമാണ് ഇപ്പോഴത്തെ പോർട്ട് ഓപ്പറേഷനിൽ ലാഭകരം. അതുകൊണ്ട് ആലപ്പുഴ വരുമ്പോൾ കൺടെയ്നർ സിസ്റ്റമില്ലാത്തതുകൊണ്ട് ലാഭകരമല്ലെന്ന സ്ഥിതിയാണ് അവരെടുക്കുന്നത്. ഇപ്പോഴും ഇക്കാര്യത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്, ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

III. സബ്മിഷൻ

(1) ഏറ്റുമാനൂരിൽ റബ്ബർ ഫാക്ടറികളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം

ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ: സർ, ഏറ്റുമാനൂർ പഞ്ചായത്തിന്റെ ഒന്നു മുതൽ നാലുവരെയുള്ള വാർഡുകളിലും അതിരംപുഴ പഞ്ചായത്തിന്റെ നാലു വാർഡുകളിലും ഉണ്ടായിരിക്കുന്ന അന്തരീക്ഷ മലിനീകരണം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ്

LIBRARY ARCHIVES Kerala Legislative Assembly